പതിനാലാം കേരള നിയമ സഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1266 30.01.2018-ൽ മറുപടിക്ക്

**<u>കോതമംഗലം സെന്റ് അഗസ്റ്റ്യൻസ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആന്റണി ജോൺ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) കോതമംഗലം സെന്റ് അഗസ്റ്റ്യൻസ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലെ 2015-16, 16-17, 17-18 വർഷങ്ങളിലെ അധ്യാപക നിയമനങ്ങൾക്ക് ഇതുവരേയും അംഗീകാരം ലഭിക്കാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) നിയമനാംഗീകാരത്തിനുള്ള തടസ്സങ്ങൾ എന്തെന്ന് വിശദീകരിക്കാമോ? | (ബി) 2015-16 വർഷത്തിൽ റൂൾ 43 ക്ലെയിമെന്റിന്റെ അവകാശം മാനേജർ ക്രമപ്പെടുത്തി നൽകിയില്ല, ലീവ് ഒഴിവ് സ്ഥാപിതമായതിനുശേഷം പ്രൊപ്പോസൽ മാനേജർ പുന:സമർപ്പിച്ചിട്ടില്ല, പുന:പരിശോധനാ ഉത്തരവ് ലഭ്യമാക്കിയിട്ടുമില്ല എന്നീ കാരണങ്ങളാൽ ടി വർഷത്തെ 2 നിയമനം അംഗീകരിച്ചിട്ടില്ല. 2016-17 വർഷത്തെ തസ്തിക നിർണ്ണയം നടത്തുന്നതിന് 22.11.2017-ലെ സർക്കാർ ഉത്തരവ് നമ്പർ 149/2017/പൊ.വി.വ പ്രകാരം 23.12.2017 വരെ വിദ്യാഭ്യാസ ഓഫീസർമാർക്ക് സമയം അനുവദി ച്ചിരുന്നു. എന്നാൽ 19.12.2017-ലെ തൽസ്ഥിതി തുടരാൻ |

ബഹു. കേരള ഹൈക്കോടതി ഉത്തരവായിട്ടുള്ളതിനാൽ തുടർ നടപടികൾ പൂർത്തിയാക്കപ്പെട്ടിട്ടില്ല. മേൽ കാരണങ്ങളാൽ 2016-17 വർഷത്തെ 5 നിയമനങ്ങൾ അംഗീകരിച്ചിട്ടില്ല. 2016-17 വരെയുള്ള നിയമിതരുടെ അംഗീകാരം ക്രമപ്പെടു ത്തിയാൽ മാത്രമേ 2017-18-ലെ ഒരു നിയമനം അംഗീകരിക്കുന്നത് പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ